# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ: 1836 — 18/06/2012 – ൽ മറുപടിയ്ക്ക്

## ജയിലുകളിൽ മാധ്യമ പ്രവർത്തകർക്കുള്ള നിയന്ത്രണം

ചോദ്യം — മറുപടി

ശ്രീ. കെ.കെ. നാരായണൻ — ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തെ ജയിലുകളിൽ മാധ്യമ പ്രവർത്തകരെ കടത്തിവിടുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; | (എ) യും (ബി) യും<br>1958–ലെ കേരളാ ജയിൽ ചട്ടങ്ങൾ റൂൾ 19 അനുസരിച്ച് മന്ത്രിമാർ, ജയിൽ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ചീഫ് എൻജിനീയറും, എക്സിക്യൂട്ടീവ് എഞ്ചിനീയറും അവരുടെ ഡ്യൂട്ടിയുടെ ഭാഗമായും, ഔദ്യോഗിക, അനൗദ്യോഗിക സന്ദർശകർ, ജയിൽ ഉദ്യോഗസ്ഥർ എന്നിവർ ഒഴികെയുള്ള വ്യക്തികൾ, ജയിൽ ഡയറക്ടർ ജനറൽ, ജയിൽ സൂപ്രണ്ട് എന്നിവരോടൊപ്പം അനുഗമിക്കുമ്പോഴോ, ചീഫ് സെക്രട്ടറി, ജയിൽ ഡയറക്ടർ ജനറൽ, ജയിൽ സൂപ്രണ്ട് എന്നിവരുടെ രേഖാമൂലമുള്ള അനുമതിയോടുകൂടി അല്ലാതെ ജയിലിനകത്ത് പ്രവേശിക്കുവാൻ പാടുള്ളതല്ല എന്ന് നിഷ്ക്കർഷിച്ചിരിക്കുന്നു. ജയിലിൽ പ്രവേശിക്കുന്നതിന് മേൽപറഞ്ഞ നിയന്ത്രണങ്ങൾ മാധ്യമ പ്രവർത്തകർക്ക് ബാധകമാണ്. |
| (ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ; | |
| (സി) ഈ സർക്കാർ അധികാരമേറ്റശേഷം ഏതെങ്കിലും ജയിലുകളിൽ മാധ്യമ പ്രവർത്തകരെ കടത്തിവിട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |

| | |
|---|---|
| (ഡി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ? | (ഡി) തിരുവനന്തപുരം സെൻട്രൽ ജയിലിൽ ജയിൽ അന്തേവാസികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന ചടങ്ങ്, ടൊമാറ്റോ കൾട്ടിവേഷൻ, സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ മിഷന്റെ പരിപാടി, ശ്രീ. പത്മനാഭ സ്വാമിക്ഷേത്രത്തിലെ പൈങ്കുനി ഉൽസവത്തിനുവേണ്ടി ചരട് നിർമ്മിച്ചു കൊടുത്ത ചടങ്ങ്, കോൺഹാർവെസ്റ്റ് ഇൻ ജയിൽ എന്ന പരിപാടി, റെഡ് എഫ്.എം ജയിലിൽ സംഘടിപ്പിച്ച പരിപാടി, സോളാർ എനർജി സിസ്റ്റം സംസ്ഥാനതല ഉത്ഘാടന പരിപാടി , ക്രിസ്തുമസ് പുതുവൽസരാഘോഷപരിപാടി, ക്രിസ്തുമസ് സ്റ്റാൾ വിൽപന ഉത്ഘാടനം പരിപാടി, ചപ്പാത്തിയും കോഴിക്കറിയും വിൽപന ഉത്ഘാടന പരിപാടി , **"Walk with zubeids"** എന്ന പരിപാടി, "നമ്മൾ തമ്മിൽ" എന്ന പ്രോഗ്രാം ചിത്രീകരണവേള, റോട്ടറി ക്ളബ് നടത്തിയ സംഗീത സന്ധ്യ എന്ന പ്രോഗ്രാം, ജയിലിലെ മീൻ വിളവെടുപ്പ് ഉത്ഘാടനവേള, സസ്യങ്ങളുടെയും, ചെടികളുടെയും വിതരണോൽഘാടന ചടങ്ങ് മുതലായവയ്ക്ക് മാധ്യമ പ്രവർത്തകരെ കടത്തിവിട്ടിട്ടുണ്ട്.<br><br>കണ്ണൂർ സെൻട്രൽ ജയിലിൽ "ഓണം പൊന്നോണം" എന്ന കണ്ണൂർ വിഷൻ ചാനൽ അവതരിപ്പിച്ച പരിപാടി സമയത്തും, ജില്ലാ സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ പത്താംതരം തുല്യതാ പരീക്ഷാ വിജയികൾക്കുളള അനുമോദന ചടങ്ങിലും, അക്ഷരസംഗമം ശ്രീ.പി.പി.ഭാസ്ക്കര പൊതുവാൾ അവതരിപ്പിച്ച പരിപാടി സമയത്തും, ഭഗവത്ഗീതാ ക്ളാസ് ഉത്ഘാടനം ചെയ്ത അവസരത്തിലും, ജില്ലാ ലൈബ്രറി കൗൺസിലിന്റെ ആഭിമുഖ്യത്തിലുളള സാഹിത്യസമ്മേളനം നടന്ന അവസരത്തിലും, പച്ചക്കറികൃഷി ഉത്ഘാടനചടങ്ങിലും, ദന്തൽ ക്യാമ്പ് ഉത്ഘാടനം നടന്ന അവസരത്തിലും, |

| | |
|---|---|
| | കണ്ണൂർ ജില്ലാ ലൈബ്രറി കൗൺസിൽ സംഘടിപ്പിച്ച മുതിർന്നവർക്കുള്ള വായനാ മൽസരം നടന്ന അവസരത്തിലും, ജയിൽ ദിനാഘോഷം ഉത്ഘാടനവേളയിലും, നിയമബോധവൽക്കരണ ശിൽപശാല നടന്ന അവസരത്തിലും, ചിന്താ വാരിക സ്പോൺസർ ചടങ്ങ് ഉത്ഘാടനവേളയിലും, സൗജന്യ പഠനോപകരണങ്ങളുടെ വിതരണോൽഘാടനം നടന്ന സമയത്തും, ജയിൽ ദിനാഘോഷത്തോടനുബന്ധിച്ചുള്ള വോളിബോൾ മൽസരം നടന്ന അവസരത്തിലും , ജയിൽ ദിനാഘോഷ സമാപന സമ്മേളന ഉത്ഘാടന സമയത്തും, ബഹു. ആഭ്യന്തര വകുപ്പു മന്ത്രിയുടെ ജയിൽ സന്ദർശനവേളയിലും മാധ്യമ പ്രവർത്തകരെ ടി ജയിലിൽ കടത്തി വിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ